# SACRED HEART CMI PUBLIC SCHOOL

Thevara, Kochi - 682013

## മലയാളം

Name: ........................................................................................ Class: ....................... Div: .....................

Date: ...........................Roll No :...........................

## ഖലീഫയുടെ കൊട്ടാരം

ഒരിക്കൽ ഒരു സംഘം ആളുകൾ ഖലീഫ ഉമ്മറിനെ കാണാൻ വന്നു.

അന്യദേശക്കാരായ അവർ ഏറെ ദൂരം സഞ്ചരിച്ചാണ് അവിടെ എത്തിയത്.

അവർ ചുറ്റുപാടും ശ്രദ്ധിച്ചു. നിറയെ കൊച്ചു വീടുകൾ. എവിടെ കൊട്ടാരം ഒന്നും കാണുന്നില്ലല്ലോ. നമുക്ക് വഴി തെറ്റിയതാവും. കൂട്ടത്തിൽ ഒരാൾ പറഞ്ഞു. തിരിച്ചുപോയാലോ മറ്റൊരാൾ പറഞ്ഞു. ഖലീഫയെ കാണാതെ അവർക്കു മടങ്ങിപോകാൻ കഴിയുമായിരുന്നില്ല.

അതാ ചെറിയൊരു കൂര. മുന്നിൽ ഒരാൾ നിൽക്കുന്നുണ്ട്. അവർ അയാളോട് ചോദിച്ചു: അയാൾ ആ ചെറിയ വീട് ചൂണ്ടി കാണിച്ചു.

അവർ വിസ്മയിച്ചു പോയി.

അപ്പോൾ നിങ്ങളോ കൂട്ടത്തിൽ ഒരാൾ ചോദിച്ചു.

ഞാൻ ഖലീഫയുടെ ഭൃത്യൻ, അസ്‌ലം.

ഖലീഫ ഇവിടെയുണ്ടോ? ഞങ്ങൾക്ക് അദ്ദേഹത്തെ ഒന്ന് കാണാൻ പറ്റുമോ? സംഘത്തലവൻ ആരാഞ്ഞു.

ഇല്ല, അദ്ദേഹം പതിവുയാത്രക്കായി പുറത്തുപോയിരിക്കുകയാണ്.

കൂടെ അകമ്പടിക്കാരും ഉണ്ടായിരിക്കുമല്ലോ?

അസ്‌ലം ചിരിച്ചു കൊണ്ട് പറഞ്ഞു: ഇല്ല, ജനസേവനത്തിനു പോകുമ്പോൾ കൂടെ പരിവാരങ്ങളും പാടില്ല. അതാണ് ഖലീഫയുടെ രീതി.

അദ്ദേഹം എപ്പോഴാണ് തിരിച്ചെത്തുക? അവർ ആകാംംഷയോടെ ചോദിച്ചു.

എവിടെ പോകുന്നു വെന്നും എപ്പോൾ തിരിച്ചുവരുമെന്നും ഉറപ്പിച്ചു പറയാൻ കഴിയില്ല. അസ്‌ലം പറഞ്ഞത് കേട്ട് ഖലീഫയെ കാണാൻ വന്നവർ തിരിച്ചു നടന്നു. കൂറെ ദൂരം നടന്നപ്പോൾ മരത്തണലിൽ തളർന്നു കിടക്കുന്ന ഒരാളെ കണ്ടു. അവർ ആ മനുഷ്യനോട് ചോദിച്ചു.

ഖലീഫാ ഉമ്മർ ഈ വഴിയെങ്ങാൻ പോകുന്നത് നിങ്ങൾ കണ്ടോ?

അയാൽ മെല്ലെ തലയുയർത്തി നോക്കി.

നിങ്ങൾ എവിടത്തുകാരാണ്? എന്തിനാണ് ഇവിടെ വന്നത്?

ഞങ്ങൾ ഇറാക്കുകാരാണ്. ഖലീഫയെ ഒന്ന് നേരിൽ കാണണമായിരുന്നു. അയാൾ പറഞ്ഞു.

ഞാൻ കാണിച്ചു തന്നാൽ പോരെ?

വന്നവർക്കു സന്തോഷമായി. അവർ ഒപ്പം നടന്നു. ആ മനുഷ്യൻ സംസാരിച്ചു കൊണ്ടിരുന്നു:

ഞാനിന്നൊരു പൂന്തോട്ടം കണ്ടു ആകെ ഉണങ്ങിക്കരിഞ്ഞിരിക്കുന്നു.

ഞാൻ തോട്ടത്തിലെ ഉടമയെ ചെന്ന്ാ കണ്ടു. പാവം! വൃദ്ധനും അവശനുമാണ് അയാൾ. അതിനാൽ തോട്ടം നനയ്ക്കുന്ന ജോലി ഞാൻ ഏറ്റെടുത്തു. ആ വൃദ്ധന് എത്ര സന്തോഷമായെന്നോ! നടന്നു നടന്ന് അവർ ചെന്ന് നിന്നത് മുൻപ് കണ്ട ചെറിയ വീടിന്റെ മുന്നിലായിരുന്നു. നേരത്തെ കണ്ട അസ്‌ലം വാതിൽക്കൽ നിൽപ്പുണ്ട്.

വരൂ നമുക്ക് വീട്ടിൽ കയറി ഇത്തിരി വിശ്രമിക്കാം. വഴികാട്ടി പറഞ്ഞു.

അസ്‌ലം ബഹുമാനത്തോടെ എതിരേറ്റു. അവർ അത്ഭുതത്തോടെ പരസ്പരം നോക്കി.

സംഘാംഗങ്ങൾ തമ്മിൽ പറഞ്ഞു: ഖലീഫാ ഉമ്മർ

അതെ ഖലീഫാ ഉമ്മർ! അദ്ദേഹം പുഞ്ചിരിച്ചു.

## 1. അർത്ഥം കണ്ടെത്തുക

* ഭൃത്യൻ :
* അകമ്പടി :
* പരിവാരങ്ങൾ :
* ആഗതൻ :

## 2. പിരിച്ചെഴുതുക

* കൂട്ടത്തിലൊരാൾ :
* സംഘത്തലവൻ :
* തലയുയർത്തി :
* നടന്നപ്പോൾ :

## 3. ഉത്തരം കണ്ടെത്താം

* നമുക്ക് വഴിതെറ്റിയതാവാം എന്ന് അന്യദേശകാരൻ പറയാൻ കാരണം എന്ത് ?

*     ഖലീഫാ ഉമ്മർ വൃദ്ധനെ സഹായിച്ചതെങ്ങനെ ?

*     സന്ദർശകർ ഖലീഫാ ഉമ്മറിനെ തിരച്ചറിഞ്ഞത് എപ്പോൾ ?

*     ജനസേവനത്തിനു പോകുമ്പോൾ ഖലീഫാ പരിവാരങ്ങളെ കൂട്ടാറില്ല. എന്തുകൊണ്ട് ?

കവിതാഭാഗം വായിച്ച് താഴെ തന്നിരിക്കുന്ന ചേദ്യങ്ങൾക്ക് ഉത്തരമെഴുതുക

# വാർമഴവില്ലേ........

വാർമഴവില്ലേ, വന്നാലും
വാനിൽ മടിയിലിരുന്നാലും
കൺകുളിരുന്നു മായുമ്പോൾ
കരൾ നോവുന്നു മായുമ്പോൾ
ആരു നിനക്കീ നിറമേകി ?
എന്നെക്കൂടി വിളിക്കാമോ?
നിന്നൂടെയരികെയിരുത്താമോ?
താഴെത്തേക്കു വരുന്നില്ലേ ?
തന്നെയിരുന്നാൽ മുഷിയില്ലേ?
ആരു നിനക്കൊരു കഥ പറയാൻ?
ആരുണ്ടവിടെയൊരുമ്മ തരാൻ?
വന്നു കളിപ്പാൻ കൊതി തോന്നും
നിന്നുടെ കൂടെയിവനെന്നും
വാർമഴവില്ലേ മായല്ലേ!
അഴകിൻ തെല്ലേ പോകല്ലേ!

**ജി. ശങ്കരക്കുറുപ്പ്.**

1) ഈ കവിതയുടെ കർത്താവ് ആര് ?

2) മഴവില്ലിന് എത്ര നിറങ്ങളുണ്ട് ? അവ ഏതെല്ലാം ?

3) കുട്ടിക്ക് മഴവില്ലിനോടൊപ്പം പോകണമെന്ന ആഗ്രഹം സൂചിപ്പിക്കന്ന വരികൾ ഏവ?

4) മഴവില്ല് കാണുമ്പോൾ സന്തോഷം തോന്നുന്നു. മായുമ്പോൾ വിഷമം തോന്നുന്നു എന്നു സൂചിപ്പിക്കുന്ന വരികൾ ഏതെല്ലമെന്ന് എഴുതുക?

5) മഴവില്ല് വരച്ചു നിറം നൽകാം.

6) മഴ എന്ന വാക്ക് ചേർന്ന് വരുന്ന പദങ്ങൾ കണ്ടെത്താം

കൂട്ടുകാരെ, നിങ്ങൾ മുതലചാരുടെയും കുരങ്ങന്റെയും കഥ കേട്ടിട്ടുണ്ടോ ? നമുക്കൊരു കഥ കേട്ടാലോ?

# ആപത്തു വരുന്ന വഴി.

ഒരു പുഴ പുഴക്കരയിൽ ഒരു വലിയ മരം. പുഴയിൽ ഒരു കൂട്ടം ഈച്ചകളും ഉണ്ടായിരുന്നു. ഒരു നാൾ മുതല പുഴവക്കത്ത് ഇഴഞ്ഞു കയറി വന്ന് വായും തുറന്നു കിടന്നു. മുതലവായെന്ന് അറിയാതെ ഒരു കൂട്ടം ഈച്ചകൾ പറന്നു വന്ന് മുതലയുടെ വായിൽ ഇരുന്നു. ഈ തക്കത്തിൽ മുതല വായ ടപ്പേന്ന് അടച്ചു. ഭൂരിഭാഗം ഈച്ചകളും അതിന്റെ വായ്ക്കുള്ളിലായി. ജീവൻ തിരിച്ചു കിട്ടിയ ഈച്ചകൾ മരക്കൊമ്പിലെ കുരങ്ങച്ചന്റെ അടുത്ത് അഭയം തേടി.

കുരങ്ങച്ചൻ ഈച്ചകളെ സമാധനിപ്പിച്ചു. മുതലയെ ഒരു പാഠം പഠിപ്പിക്കാൻ തീരുമാനിച്ചു. ഈച്ച ഇറച്ചിയുടെ സ്വാദോർത്ത് മുതല പിറ്റേന്നും പുഴവക്കത്ത് വായപൊളിച്ച് കിടന്നു. ഈ തക്കത്തിന് കുരങ്ങൻ കൂർത്തൊരു തടിക്കഷണം മുതലയുടെ വായിൽ കുത്തിയിറക്കി. വായ മുറിഞ്ഞ മുതല കിടന്നു പുളഞ്ഞു. കുരങ്ങച്ചൻ പിടയുന്ന മുതലയെ രണ്ടു കൈകൊണ്ടും തള്ളി പുഴയിലേക്കിട്ടു. പ്രാണൻ രക്ഷപ്പെട്ട മുതല ആശ്വാസത്തോടെ പുഴയിലൂടെ ദൂരത്തേയ്ക്ക് നീന്തി രക്ഷപ്പെട്ടു. പിന്നീടൊരിക്കലും അവൻ പുഴവക്കത്തു വന്നു വായ തുറന്ന് കിടന്നിട്ടില്ല.

ആപത്തിൽ നിന്ന് രക്ഷപ്പെട്ട ഈച്ചകൾ കുരങ്ങന് നന്ദി പറഞ്ഞു. കുരങ്ങൻ ഒരു കാര്യം ഓർമ്മിപ്പിച്ചു. ഇപ്പോൾ നിങ്ങൾ രക്ഷപ്പെട്ടു. എന്നാൽ ഇതുപോലെ പല കെണികളും നമ്മുടെ മുമ്പിൽ തുറന്നിരിപ്പുണ്ടാവും. അപ്പോഴൊക്കെ മുൻപിൽ ആലോചിക്കാതെ അതിൽ ചെന്നു ചാടരുത്.

എല്ലാ കൂട്ടുകാർക്കും കഥ ഇഷ്ടമായോ? ഇനി താഴെ കൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്താം. (5)

1. ഈ കഥയുടെ തലക്കെട്ട് എഴുതുക.

2. പുഴവക്കത്തെ മരത്തിൽ ഉണ്ടായിരുന്നതാര്?

3. ജീവൻ തിരിച്ചു കിട്ടിയ ഈച്ചകൾ എന്തുചെയ്തു?

## അർത്ഥം കണ്ടെത്തുക

* അവസരം :

* രുചി :

* ആശ്രയം :

* അപകടം :

താഴെ തന്നിരിക്കുന്ന അക്ഷരങ്ങൾ ഉൾപ്പെടുന്ന അഞ്ച് വാക്കുകൾ വീതം എഴുതുക.

മാതൃക : ക്ക – ചക്ക, കാക്ക, കൊക്ക്............

ച്ച :

ഞ്ഞ :

ഞ്ച :

ട്ട :

ന്ദ :

ള്ള :

ണ്ണ :

ക്ഷ :

ന്ത :

വ്വ :

മ്പ :

ത്സ :

യ്യ :

ന്ന :

പ്പ :

# പത്രവാർത്തകൾ ശേഖരിക്കാം

* ഓരോ ദിവസത്തെയും പ്രധാന വാർത്തകൾ എഴുതിവെക്കാം.

# കടംകഥകൾ

1.അടുക്കളയില്ലെ അമ്മായി 'അമ്മ .

2.കണ്ടാൽ വടി തിന്നാൽ മധുരം .

3.ഉറക്കമുണ്ട് കണ്ണടക്കില്ല .

4.കട്ടിൽ ഒരു പിടി പഴയരി .

5.കാട്ടിലൊരു കരിമ്പാറ ഉരുണ്ടുരുണ്ടു പോകുന്നു.

6.തൊട്ടാലുടനെഉറങ്ങും , കുറച്ചു കഴിഞ്ഞാൽ ഉണരും .

7.തൊട്ടാൽ ഉറങ്ങും തൊപ്പില്ലേ കുഞ്ഞൻ .

8.പാൽകടലിൽ ഞാവൽപ്പഴം.

9.പാൽപുഴയിൽ കരിമീൻ .

10.മയാകാതിലിൻ മിഴിപ്പൂട്ടാ സുന്ദരി .

________________________________________

________________________________________

11.സുന്ദരനെങ്കിലുംമൊറ്റ കണ്ണൻ.

________________________________________

________________________________________

12.സുന്ദരൻ കുളിച്ചപ്പോൾ ചൊറികുട്ടനായി .

________________________________________

________________________________________

13.സൂചി പോലെയില്ല വന്നു ,

പായപോലെയില വിരിഞ്ഞു .

________________________________________

________________________________________

14.പല്ലില്ലാ പശു പുല്ലെല്ലാം തിന്നു .

________________________________________

________________________________________

15.ആയിരം തത്തക്കു ഒരു കൊക്ക്.

________________________________________

________________________________________

# നാടൻ പാട്ടുകൾ ശേഖരിക്കാം

1.

2.

3.

4.

ഖണ്ഡിക വായിച്ച് ഉത്തരമെഴുതുക.

## എ.പി.ജെ അബ്ദുൽ കലാം

ഇന്ത്യയുടെ പതിനൊന്നാമത് രാഷ്ട്രപതിയായിരുന്നു ഡോ. എ.പി.ജെ അബ്ദുൽ കലാം. പ്രശസ്തനായ മിസൈൽ സങ്കേതിക വിദ്യാവിദഗ്ദ്ധനും എഞ്ചിനിയറുമായിരുന്നു ഇദ്ദേഹം. തമിഴ്നാട്ടിലെ രാമേശ്വരത്ത് ജനിച്ച ഇദ്ദേഹം ബഹിരാകാശ എൻജിനീയറിംഗ് പഠനത്തിന് ശേഷം പ്രതിരോധ ഗവേഷണ വികസനകേന്ദ്രം ബഹിരാകാശ ഗവേഷണകേന്ദ്രം തുടങ്ങിയ ഗവേഷണ സ്ഥാപനങ്ങളിൽ ഉന്നത സ്ഥാനങ്ങൾ വഹിച്ചിരുന്നു. ഇന്ത്യ തദ്ദേശീയമായി വികസിപ്പിച്ച സാറ്റ്ലൈറ്റ് ലോഞ്ച് വെഹിക്കിളിന്റേയും വികസനത്തിനും ഏകോപനത്തിനും മറ്റും അദ്ദേഹം വിലപ്പെട്ട സംഭാവനകൾ നൽകിയിട്ടുണ്ട്. മിസൈൽ സാങ്കേതിക വിദ്യയിൽ അദ്ദേഹത്തിന്റെ സംഭാവനകൾ കണക്കിലെടുത്ത് 'ഇന്ത്യയുടെ മിസൈൽ മനുഷ്യൻ' എന്ന് കലാമിനെ വിശേഷിപ്പിക്കാറുണ്ട്. കലാമിന്റെ ഇഷ്ട മേഖലകളാണ് അദ്ധ്യാപനം, എഴുത്ത്, പ്രഭാഷണം, പൊതുജന സേവനം. രാഷ്ട്രത്തിന്റെ ഭാവിയെക്കുറിച്ചു വ്യക്തമായ കാഴ്ചപ്പാടുള്ള രാഷ്ട്രതന്ത്രജ്ഞൻ കൂടിയായിരുന്നു അദ്ദേഹം.

# ഉത്തരമെഴുതുക

1. ഇന്ത്യയുടെ എത്രാമത് രാഷ്ട്രപതിയാണ് ഡോ. എ.പി.ജെ അബ്ദുൾ കലാം ?

2. അബ്ദുൽ കലാമിന്റെ ജന്മദേശം എവിടെ ?

3. കലാമിന്റെ ഇഷ്ടമേഖലകൾ ഏതെല്ലാം ?

4. കലാമിനെ വിശേഷിപ്പിക്കുന്നതെങ്ങനെ ?

5. രാഷ്ട്രത്തിന്റെ ഭാവിയെക്കുറിച്ചു വ്യക്തമായ കാഴ്ചപ്പാടുള്ള ______ ______ കൂടിയായിരുന്നു അദ്ദേഹം.

# കൂട്ടുകാരൻ

വാനത്തെയമ്പിളിയമ്മാവൻ
താഴത്തെക്കുഞ്ഞിന്റെ കൂട്ടുകാരൻ
പന്തു കളിക്കാനിറങ്ങുമ്പോൾ
പുഞ്ചിരി തൂകുന്നുണ്ടമ്മാവൻ
പട്ടം പറത്തിക്കൊണ്ടോടുമ്പോൾ
ഒപ്പത്തിനോടുന്നുണ്ടമ്മാവൻ
അന്തിക്കു നാമം ജപിക്കുമ്പോൾ
കണ്ടു നിന്നീടുന്നിതമ്മാവൻ.
അത്താഴമുണ്ണാനിരിക്കുമ്പോൾ
എത്തിനോക്കീടുന്നുണ്ടമ്മാവൻ
അമ്മയുറക്കാൻ കിടത്തിടുമ്പോൾ
ജനലിൻ മേലെയുണ്ടമ്മാവൻ
വാനത്തെയമ്പിളിയമ്മാവൻ
താഴത്തെക്കൂഞ്ഞിന്റെ കൂട്ടുകാരൻ

(സുഗതകുമാരി)

## ഉത്തരമെഴുതുക


1) ആരാണ് കുഞ്ഞിന്റെ കൂട്ടുകാരൻ ?

2) നാമം ജപിക്കുന്നതെപ്പോൾ ?

3) അമ്പിളി അമ്മാവൻ എത്തിനോക്കുന്നതെപ്പോൾ ?

4) അമ്പിളി അമ്മാവൻ പുഞ്ചിരിതൂവുന്നതെപ്പോൾ ?

## നിറം കൊടുക്കാം




# പദപ്രശ്നം

താഴെകൊടുത്തിരിക്കുന്ന സൂചനകളെ അടിസ്ഥാനമാക്കി പദപ്രശ്നം പൂർത്തിയാക്കുക.

## വലത്തോട്ട്

1. ഞാൻ മൂക്കുകൊണ്ട് വെള്ളം വലിച്ചെടുക്കാൻ കഴിയുന്ന ജീവിയാണ്.
2. മഴ മേഘങ്ങൾ കണ്ടാൽ ഞാൻ പീലി വിടർത്തി കളിയാടും.
3. മരങ്ങൾ തോറും ചാടിനടക്കും, വാലിൽ തൂങ്ങി ഊഞ്ഞാലാടും

## താഴോട്ട്




1. ആളെക്കണ്ടാൽ കൈയും തലയും കട്ടിത്തോടിനുള്ളിലേക്കു വലിക്കും, ഞാനാരെന്ന് പറയാമോ?
4. പുറത്ത് മൂന്നു വരയുണ്ട്, ചിൽ, ചിൽ എന്നു ചിലയ്ക്കും ഞാൻ
5. കറുത്ത കമ്പിളിക്കുപ്പായക്കാരൻ. തേനാണെന്നുടെ ഇഷ്ടാഹാരം.
6. മും...........മും.......... മൂളും ഞാൻ. രാത്രിയിലാണെൻ സഞ്ചാരം.

## ഒളിഞ്ഞിരിക്കുന്നത് ഏതെല്ലാം

ക്ലാസ് റൂമുമായി ബന്ധപ്പെട്ട് കളങ്ങളിൽ ഒളിഞ്ഞിരിക്കുന്ന വാക്കുകൾ കണ്ടെത്തുക.

| | | | |
|---|---|---|---|
| ന | ചാ | പേ | ന |
| ബോ | ർ | ഡ് | ബു |
| ക് | ട്ട് | ചോ | ക്ക് |
| സ് | കേ | യി | ൽ |

1 ______________________ 5 ______________________

2 ______________________ 6 ______________________

3 ______________________ 7 ______________________

4 ______________________ 8 ______________________

## കണ്ടെത്താം, എഴുതാം

സഞ്ചാരരീതിക്കനുസരിച്ച് ജീവികളെ തരംതിരിച്ച് എഴുതു.

(കിളി, പരുന്ത്, കോഴി, മീൻ, കാക്ക, ഒച്ച്, പല്ലി, താറാവ്, മനുഷ്യൻ, പാമ്പ്, ആമ, ഉറുമ്പ്, ആന, കുതിര, മാൻ, കൊക്ക്, നായ, കുറുക്കൻ, മുയൽ)

### നീന്തുന്നവ

*

*

*

*

*

**ഇഴയുന്നവ**

*

*

*

*

*

**പറക്കുന്നവ**

*

*

*

*

*

**നടക്കുന്നവ**

*

*

*

*

*

# കഥ മാറ്റിയെഴുതു

അടിയിൽ വരയിട്ട പദങ്ങൾക്കു പകരം തന്നിരിക്കുന്ന വാക്കുകൾ ഉപയോഗിച്ച് കഥ മാറ്റിയെഴുതുക.

അതിരാവിലെ കിട്ടുമുയൽ ഉണർന്നു. എന്തെങ്കിലും തിന്നാൻ കിട്ടുമോ അവൻ ചുറ്റും നോക്കി. ങേ........ എന്താണ് ഒരു ഇരമ്പം കേൾക്കുന്നത്. ഹമ്മോ.... സിംഹ രാജാവ് നടന്നുവരുകയാണ്. കിട്ടുവിന് പേടിയായി. ഹോ, ഈ സിംഹത്തെക്കൊണ്ട് ജീവിക്കാൻ വയ്യാതായി. അവന്റെ കണ്ണിൽപ്പെട്ടാൽ എന്റെ കാര്യം തീരും വഴിയിൽ നിന്ന് മാറി നിൽക്കുന്നതാണ് ബുദ്ധി. കിട്ടു ആലോചിച്ചു.

- **പൊറുതിമുട്ടി**
- **ചിന്തിച്ചു**
- **വെളുപ്പാൻ കാലത്ത്**
- **കഥകഴിയും**
- **നാലുപാടും**

# കൂട്ടത്തിൽ പെടാത്തത് ആര്

→പാമ്പ്, കാക്ക, ഒച്ച്, പുഴു

→ ഞണ്ട്, മീൻ, ചെമ്മീൻ, പറവ

→സിംഹം, പുലി, ആന, മീൻ

→പട്ടി, പൂച്ച, പശു, കടുവ

→റോസ്, മുല്ല, ജമന്തി, താമര